**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3277** **08.11.2019 ലെ മറുപടിക്ക്**

## ആർ.സി.ഇ.പി കരാറിനെതിരെ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ)സംസ്ഥാനത്തെ കാർഷിക മേഖലയെ തകർക്കുന്ന ആർ.സി.ഇ.പി കരാറിനെതിരെ സംസ്ഥാന സർക്കാർ പ്രത്യേകിച്ച് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>(ബി) ഈ കരാറിൽ ഏർപ്പെടുന്നതിനെതിരെ പ്രതിഷേധവും ആശങ്കയും അറിയിച്ചു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) &(ബി) 2016-ൽ തന്നെ ആർ.സി.ഇ.പി കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, കാർഷിക, കാർഷിക അനുബന്ധ, ക്ഷീര, വ്യവസായ, മത്സ്യബന്ധന, ചെറുകിട വ്യവസായ, ആരോഗ്യ മേഖലകളിൽ സ്വതന്ത്ര വ്യാപാര കരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ അറിയിക്കണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുമാവശ്യപ്പെട്ട് നിരവധി കത്തുകൾ നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാരിന് നൽകിയിരുന്നു.<br>കരാറിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുൻകൈയെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോട് കൂടി 28.10.2019 ന് തിരുവനന്തപുരം കനകക്കുന്ന് |

| | |
|---|---|
| | നിശാഗന്ധി ആഡിറ്റോറിയത്തിൽ 4000 ൽ അധികം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലും ആർ.സി.ഇ.പി കരാറും കേരളവും എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ബഹു.മുഖ്യമന്ത്രി ടി ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി.<br>30.10.2019 ൽ കേരള നിയമസഭ ആർ.സി.ഇ.പി കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്ര സർക്കാർ ഈ കരാറിൽ നിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു. |

ഡെപ്യൂട്ടി സെക്രട്ടറി